"ഭരണഭാഷാ മാതൃഭാഷാ"

ഫോൺ:0494-2686214(ഓഫീസ്)
ഫാക്സ്:0494-2686009
ഇ–മെയിൽ:kcaet@kau.in/farm.kcaet@kau.in

# കേരള കാർഷിക സർവ്വകലാശാല
# ഇൻസ്ട്രക്ഷണൽ ഫാം

കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി
തവനൂർ 679 573

നമ്പർ : ഐ.എഫ്/3385/2020 തിയ്യതി :29.07.2020

## ക്വട്ടേഷൻ/ ലേല പരസ്യം

ഈ സ്ഥാപനത്തിനോടനുബന്ധിച്ചുള്ള ഫാമിലെ പരാഗണത്തിന് മാർക്ക് ചെയ്ത 100 തെങ്ങുകൾ ഒഴികെയുള്ള ഏകദേശം ആയിരത്തി എണ്ണൂറോളം (1800) തെങ്ങുകളിൽ നിന്നും മൂപ്പെത്തിയ നാളികേരങ്ങളുടെ ..15.08.20......മുതൽ ഒരു വർഷത്തേക്കുള്ള വിളവെടുപ്പിനുള്ള അവകാശം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി മുദ്ര വെച്ച ക്വട്ടേഷനുകൾ സ്വീകരിച്ചും പരസ്യലേലം ചെയ്തും നൽകുന്നു.

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയ്യതി 13.08.2020 രാവിലെ 11 മണി വരെ
ലേലം വിളിക്കുന്ന സമയം 13.08.2020 ന് രാവിലെ 11.30 മണിക്ക്
ക്വട്ടേഷൻ തുറക്കുന്ന സമയം 13.08.2020 ന് ലേലത്തിന് ശേഷം

ക്വട്ടേഷൻ / ലേല വ്യവസ്ഥകൾ

1. ക്വട്ടേഷൻ നിരക്ക് അക്കത്തിലും അക്ഷരത്തിലും എഴുതി ഡീൻ, കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംങ് & ടെക്നോളജി, തവനൂർ എന്ന വിലാസമെഴുതിയ മുദ്ര വെച്ച കവറിൽ നൽകേണ്ടതാണ്. നിർദ്ദിഷ്ട സമയത്തിന് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
2. ക്വട്ടേഷൻ തരുന്നവരും /ലേലത്തിൽ പങ്കെടുക്കുന്നവരും ക്വട്ടേഷൻ സമർപ്പിക്കുന്ന സമയത്ത് / ലേലത്തിൽ പങ്കെടുക്കുന്നതിന് മുമ്പായി നിരത ദ്രവ്യമായി 10,000/- രൂപ ഈ ഓഫീസിൽ കെട്ടിവെക്കേണ്ടതാണ്. അല്ലാത്തവരുടെ ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല./ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.
3. ക്വട്ടേഷനിലോ/ലേലത്തിലോ ഏതിലാണ് കൂടുതൽ വില ലഭ്യമാകുന്നതെന്ന് കണക്കിലെടുത്ത് സ്ഥാപന മേലധികാരിക്കു യുക്തമെന്നു തോന്നുന്ന പക്ഷം മാത്രം ക്വട്ടേഷൻ/ലേലം സ്ഥിരപ്പെടുത്തുന്നതാണ്.
4. ക്വട്ടേഷൻ /ലേലം ഉറപ്പിക്കാത്തവരുടെ നിരത ദ്രവ്യം അന്നുതന്നെ തിരിച്ച് നൽകുന്നതായിരിക്കും.
5. ക്വട്ടേഷൻ/ലേലം വ്യവസ്ഥകൾ ലംഘിക്കുന്നവരുടെ നിരത ദ്രവ്യം കാർഷിക സർവ്വകലാശാലയ്ക്ക് മുതൽ കൂട്ടാക്കുന്നതാണ്.
6. ക്വട്ടേഷൻ/ലേലം ഉറപ്പിച്ചുകഴിഞ്ഞാൽ പ്രസ്തുത വ്യക്തി ക്വട്ടേഷൻ/ ലേലം തുകയുടെ 5% സെക്യൂരിറ്റി തുകയായി ലേല ദിവസം തന്നെ അടക്കേണ്ടതും, മൊത്തം ക്വട്ടേഷൻ/ലേലം തുകയുടെ മൂന്നിൽ ഒരു ഭാഗം ഉടൻ കെട്ടിവയ്ക്കേണ്ടതും ബാക്കി തുക ഒരാഴ്ചയ്ക്കകം അടക്കേണ്ടതുമാണ്. നിശ്ചിത തിയ്യതിക്കകം തുക അടക്കുന്നതിൽ വീഴ്ച വരുത്തിയാൽ ക്വട്ടേഷൻ/ലേലം പിടിച്ച ആളുടെ പേരിലുള്ള ക്വട്ടേഷൻ/ലേലം റദ്ദു ചെയ്യുന്നതും അടച്ച തുക സർവ്വകലാശാലയ്ക്ക് മുതൽ കൂട്ടുന്നതുമാണ്.
7. യാതൊരു കാരണവും കാണിക്കാതെ ക്വട്ടേഷൻ/ലേലം തിയ്യതി മാറ്റി വെക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം സ്ഥാപന മേധാവിയിൽ നിക്ഷിപ്തമാണ്.
8. ക്വട്ടേഷൻ/ലേലം ഉറപ്പിച്ച വ്യക്തി ക്വട്ടേഷൻ/ലേലം തുകയ്ക്ക് ആനുപാതികമായുള്ള ഒരു മുദ്രപത്രത്തിൽ സർവ്വകലാശാലയ്ക്ക് ഒരു നഷ്ടോത്തരവാദിത്വ കരാർ എഴുതി സമർപ്പിക്കേണ്ടതാണ്. കരാർ എഴുതി സമർപ്പിക്കാത്ത പക്ഷം ക്വട്ടേഷൻ/ലേലം പിടിച്ച ആളുടെ പേരിലുള്ള ക്വട്ടേഷൻ/ലേലം റദ്ദു ചെയ്യുന്നതും അടച്ച തുക സർവ്വകലാശാലയ്ക്ക് മുതൽ കൂട്ടുന്നതുമാണ്.